(സി) വകുപ്പ് തിരിച്ചുള്ള കണക്ക് ലഭ്യമല്ല.

(ഡി) നിയമനങ്ങൾ ലാപ്സാകാതെ ബാക്ക്ലോഗ് ഒഴിവുകൾ മുഴുവൻ നികത്താൻ വികലാംഗ കമ്മീഷണറേറ്റിൽ നിന്നും ജില്ലാ കളക്ടർമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) ബാധകമല്ല.

കഴിഞ്ഞ ഒരു വർഷത്തിനിടയിൽ ഉണ്ടായ ആത്മഹത്യകളുടേയും സ്ത്രീപീഡനങ്ങളുടേയും കണക്ക്

150 [1713] *ശ്രീ. ടി. എം. ജേക്കബ്:*
,, *ഷിബു ബേബി ജോൺ:*
,, *ജോണി നെല്ലൂർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ഒരു വർഷത്തിനിടയിൽ ഉണ്ടായ ആത്മഹത്യകളുടേയും സ്ത്രീ പീഡനങ്ങളുടേയും കണക്ക് വ്യക്തമാക്കാമോ;

(ബി) ഇതിനുത്തരവാദികളായവരെ എത്ര കേസുകളിൽ പിടികൂടിയിട്ടുണ്ട്?

ഉത്തരം

(എ) ആത്മഹത്യകൾ 8924, സ്ത്രീപീഡനങ്ങൾ 6388.

(ബി) 4,719 കേസുകളിൽ.

അഴിമതിക്കേസുകൾ പിൻവലിക്കാൻ എടുത്ത തീരുമാനം

151 [1714] *ഡോ. തോമസ് ഐസക്:*
ശ്രീ. എ. കെ. ബാലൻ:
,, *കെ. കെ. ജയചന്ദ്രൻ:*
,, *കെ. വി. കുഞ്ഞിരാമൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലിരിക്കുന്ന അഴിമതിക്കേസുകളിൽ പ്രോസിക്യൂഷൻ നടപടികൾ പിൻവലിക്കുന്നതിന് എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2005 മേയ് 31 വരെ ഏതെല്ലാം കേസ്സുകളിലാണ് പ്രോസിക്യൂഷൻ നടപടി പിൻവലിക്കണമെന്നാ വശ്യപ്പെട്ടിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) കേസ് പിൻവലിക്കുന്നത് സംബന്ധിച്ച് സുപ്രീംകോടതി നിർദ്ദേശം പാലിക്കപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) & (ബി) സംസ്ഥാനത്ത് പാമോലിൻ ഇറക്കുമതിയിൽ ക്രമക്കേടുകൾ നടന്നുവെന്ന ആരോപണവുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത വി. സി. 1/97/ എസ്.സി.റ്റി. നമ്പർ വിജിലൻസ് കേസിൽ ബന്ധപ്പെട്ടവർക്കെതിരായുള്ള പ്രോസിക്യൂഷൻ നടപടി സർക്കാർ പിൻവലിച്ചിട്ടുണ്ട്. അവിഹിത സ്വത്ത് സമ്പാദനവുമായി ബന്ധപ്പെട്ട് ഇടപ്പാൾ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. കെ. മുകുന്ദനെതിരെ വി. സി. 4/99/മലപ്പുറം നമ്പരായി രജിസ്റ്റർ ചെയ്ത വിജിലൻസ് കേസിൽ കുറ്റാരോപിതർക്കെതിരെ സർക്കാർ നൽകിയ പ്രോസിക്യൂഷൻ അനുമതി ഉത്തരവ് റദ്ദാക്കിയിട്ടുണ്ട്. കേരളത്തിലെ മൂന്നു ഷുഗർമില്ലുകളിലേക്ക് 1985-1986 കാലയളവിൽ റെക്ടിഫൈഡ് സ്പിരിറ്റ് ഇറക്കുമതി ചെയ്തതിലുള്ള ക്രമക്കേടുകളുമായി ബന്ധപ്പെട്ട് വി.സി. 6/87/ടി.വി.എം. നമ്പർ കേസിൽ കുറ്റാരോപിതരായവർക്കെതിരെ 5 കുറ്റപത്രങ്ങൾ സമർപ്പിച്ചിരുന്നു. ഇതിൽ ഒരു കേസിൽ പ്രതികളെ കുറ്റവിമുക്തരാക്കിക്കൊണ്ട് വിധി പ്രസ്താവിച്ചതിന്റെ അടിസ്ഥാനത്തിൽ കോടതിയുടെ പരിഗണനയിലിരുന്ന മറ്റ് നാലു കേസുകളിലും കോടതിയുടെ അനുമതിയോടെ അവ പിൻവലിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ 1991-1992 കാലയളവിൽ കണ്ണൂർ ജില്ലയിലെ 151 എക്സൈസ് ഗാർഡുകളുടെ നിയമനത്തിലെ ക്രമക്കേടുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത വിജിലൻസ് കേസുമായി ബന്ധപ്പെട്ട് 8 പേർക്കെതിരെ കുറ്റപത്രം സമർപ്പിച്ചിരുന്നു. ഇതിൽ ശ്രീ. ജെ. സുധാകരൻ ഐ. എ. എസിനെതിരെയുള്ള കേസ് കോടതി അനുമതിയോടെ പിൻവലിക്കുവാൻ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

(സി) ഇക്കാര്യം പരിശോധിച്ചു വരുന്നു.

സ്ഥലം മാറ്റത്തിന് ക്രമക്കേടുകൾ നടന്നതായ ആരോപണം

152 [1736] *ശ്രീ. മഞ്ഞളാംകുഴി അലി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി വാഹനാപകടത്തിൽപ്പെട്ടതിനെ തുടർന്ന് ഏതൊക്കെ കാലയളവിലാണ് അവധിയിലായിരുന്നത് എന്ന് വെളിപ്പെടുത്തുമോ;

(ബി) ഓരോ പ്രാവശ്യവും പ്രസ്തുത വകുപ്പിന്റെ ചുമതല ഏതെല്ലാം മന്ത്രിമാർക്കാണ് നൽകിയിരുന്നത് എന്ന് വെളിപ്പെടുത്തുമോ;

(സി) ഏറ്റവുമൊടുവിൽ ചുമതലയേൽപ്പിച്ച രണ്ടാഴ്ചക്കുള്ളിൽ അഞ്ഞൂറോളം പേരെ സ്ഥലം മാറ്റിയതിൽ ക്രമക്കേടുകൾ നടത്തിയതായുള്ള ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly